# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2921 10.03.2017 ൽ മറുപടിക്ക്

### ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | എ) പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിടവിഭാഗങ്ങളിൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ നടപ്പിലാക്കിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ നൽകുന്നതിനുള്ള കാലതാമസം കാരണം പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവരുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യാനുള്ള ഒരു ഓൺലൈൻ സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ട് (Bill Discounting System). ഇതിൻ പ്രകാരം 2016 ജൂലൈ മാസം വരെയുള്ള കുടിശ്ശിക ബില്ലുകൾ കരാറുകാർക്ക് ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള അനുമതി ജി ഒ (ആർ റ്റി) നം.500/17/ഫിൻ തീയതി 21.01.2017 പ്രകാരം നൽകിയിട്ടുണ്ട്. പൊതുമരാമത്തിലെ കരാറുകാർക്ക് ബന്ധപ്പെട്ട എക്സി. എഞ്ചിനീയർമാർ മുഖേന ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള ഓപ്ഷൻ ഓൺലൈൻ വഴി സർക്കാരിൽ സമർപ്പിക്കാവുന്നതാണ്. |
| ബി) ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം നടപ്പാക്കുന്നതു മൂലം ചെക്ക് തുകയുടെ 5.3% പലിശ അതാത് ബാങ്കുകൾക്ക് നൽകേണ്ടി വരുന്നു. |
| സി) നിലവിൽ കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ? | സി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ 12 മാസത്തെയും കെട്ടിട വിഭാഗത്തിൽ 7 മാസത്തെയും ദേശീയപാതാ വിഭാഗത്തിൽ 5 മാസത്തെയും കുടിശ്ശിക നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ